(23) ബോണക്കാട് തേയിലത്തോട്ടത്തിലെ മാനേജുമെന്റ് കരാർലംഘനം നടത്തിയതുമൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ നിയമസഭയ്ക്കകത്തും പുറത്തും അതോടൊപ്പം ലോകശ്രദ്ധയിലേയ്ക്കും വന്ന ഒരു പ്രശ്നമാണ്. കുറെ മാസങ്ങളായി ശമ്പളം കിട്ടാത്തതുകൊണ്ട് ചെലവിന് കാശില്ലാതെ രണ്ട് പട്ടിണിമരണങ്ങൾക്ക് സാന്നിദ്ധ്യം വഹിച്ച സ്ഥലമാണ് ബോണക്കാട് തേയിലത്തോട്ടം. അവിടെ വളരെ മുൻപുതന്നെ ശമ്പളം ലഭിക്കുന്നില്ലെന്നും കടുത്ത ദാരിദ്ര്യത്തിലേയ്ക്കാണെന്നും ബഹു.മുഖ്യമന്ത്രിയേയും ബഹു.വകുപ്പുമന്ത്രിയേയും അറിയിച്ചിരുന്നു. അതിനുശേഷം പ്രശ്നം വന്നപ്പോൾ മരണം നടന്നത് ഞാൻ അറിയിച്ചില്ലെന്ന് എന്നെ ആക്ഷേപിച്ചതാണ്. അതിനുശേഷം പ്രശ്നമുണ്ടായപ്പോൾ ബഹു.തൊഴിൽ വകുപ്പുമന്ത്രി വളരെ കർശനമായ നിലപാട് എടുക്കുകയും അദ്ദേഹം മാനേജ്മെന്റിനെ വിളിച്ചുവരുത്തി ഒത്തുതീർപ്പ് നടത്തുകയും ചെയ്തു. പക്ഷേ നാളിതുവരെയായി മന്ത്രിയുടെ സാന്നിദ്ധ്യത്തിലുണ്ടായ കരാറിനെ ഈ മാനേജ്മെന്റ് അംഗീകരിച്ചിട്ടില്ലെന്നു മാത്രമല്ല പൂർണ്ണമായി കരാർ ലംഘനം നടത്തിക്കൊണ്ടിരിക്കുകയാണ്. വീണ്ടും അവിടെ പട്ടിണി തുടരുന്ന അവസ്ഥയാണ്. അവിടെ പൂർണ്ണമായി ദാരിദ്ര്യത്തിലാണ്. വീണ്ടും ഗുരുതരാവസ്ഥയിലേയ്ക്ക് ബോണക്കാട് തേയിലത്തോട്ടം പോകുന്നു. അവിടത്തെ യൂണിയനിൽപ്പെട്ട ആളുകളും ചേർന്ന് ഒരുമിച്ച് തീരുമാനമെടുത്തിട്ട് അവിടെ തേയിലത്തോട്ടം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ കയ്യേറി കാർഷിക വിഭവങ്ങളെടുക്കാനുള്ള തീരുമാനമെടുത്തു. പോലീസ് ഇടപെട്ട് മാനേജുമെന്റുമായി സംസാരിച്ചതിനുശേഷം വന്ന് മീറ്റ് ചെയ്യാമെന്നുപറഞ്ഞു. എം.ഡി.വരുമെന്ന് പറഞ്ഞിട്ട് പകരം തേയിലത്തോട്ടത്തിലെ മാനേജരാണ് സമ്മേളനത്തിൽവന്നത്. പ്രധാനപ്പെട്ട ആരും വന്നില്ല. വീണ്ടും തൊഴിലാളികൾ ആ നിലയിലേയ്ക്ക് പോകുന്നു. ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുന്നതിനുമുൻപ് ഇന്നുതന്നെ ബഹു.മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കർശനമായ നിലപാടെടുത്ത് അവിടത്തെ തൊഴിലാളികളെ കടുത്ത ദാരിദ്ര്യത്തിൽനിന്നും രക്ഷിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1996-1997-ലെ ബോണസ്സും ചെലവിനുള്ള കാശും ശമ്പളക്കുടിശ്ശികയും യഥാസമയം നല്കാത്തതുകൊണ്ട് ബോണക്കാട് എസ്റ്റേറ്റിൽ തൊഴിൽത്തർക്കമുണ്ടായപ്പോൾ അന്ന് നടന്ന ചർച്ചയെത്തുടർന്ന് 1996-1997-ലെ 81/3 ബോണസ് എല്ലാ തൊഴിലാളികൾക്കും മാനേജ്മെന്റ് അന്ന് നല്കിയിരുന്നു. 1997-98-ലെ അർദ്ധവാർഷിക ബോണസും അത്തരത്തിൽത്തന്നെ നല്കുകയുണ്ടായി. ശേഷിച്ച കാര്യങ്ങൾക്ക് ഒരു ധാരണയുണ്ടായി. ചെലവ് കാശ് 1-3-1999-ന് മുൻപും ശമ്പളക്കുടിശ്ശിക 22-3-1999-നു മുൻപും നല്കാമെന്ന് മാനേജ്മെന്റ് സമ്മതിച്ചിരുന്നു. ഈ ധാരണകൾ പാലിക്കപ്പെട്ടില്ല. ഈ സാഹചര്യത്തിൽ 29-12-1999-ൽ എന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. എന്നാൽ കുടിശ്ശിക ശമ്പളം നല്കാത്തതിനാൽ നിരവധി തൊഴിലാളികൾ ജോലി ഉപേക്ഷിച്ച് എസ്റ്റേറ്റ് വിട്ടുപോയി. തുടർന്നു നടന്ന ചർച്ചകളിൽ മാനേജ്മെന്റ് പങ്കെടുക്കാത്തതിനാൽ നെടുമങ്ങാട് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, മാനേജ്മെന്റിനെതിരെ ഒട്ടേറെ നിയമനടപടികൾ സ്വീകരിച്ചു. 4-7-2000-ത്തിന് വീണ്ടും ഞാൻ ഒരു യോഗം വിളിച്ചുകൂട്ടി. ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ തോട്ടം പരിശോധിച്ചപ്പോൾ യോഗത്തിലെടുത്ത തീരുമാനങ്ങൾ ഒന്നും തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കിയിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടു. തുടർന്ന് 31-7-2000, 9-8-2000, 17-8-2000, 24-8-2000 എന്നീ തീയതികളിൽ ചർച്ച നടന്നു. തുടർച്ചയായ ചർച്ചയാണ് നടന്നത്. എസ്റ്റേറ്റിലുള്ള 6 ലോഡ് തേയില തൊഴിലുടമയുടെ മേൽനോട്ടത്തിൽ നീക്കം ചെയ്യുന്നതിനെ തൊഴിലാളികൾ തടസ്സപ്പെടുത്തിയിരുന്നില്ലെന്നും വിറ്റു കിട്ടുന്ന കാശ് തൊഴിലാളികൾക്കും സ്റ്റാഫിനും സൂപ്പർവൈസർമാർക്കും നല്കാമെന്നും സമ്മതിച്ചു. അതനുസരിച്ച് മാനേജ്മെന്റ് 1999 ആഗസ്റ്റ് മാസത്തെ ശമ്പളം തൊഴിലാളികൾക്കുമാത്രം വിതരണം ചെയ്യുകയുണ്ടായി. ഓഫീസ് സ്റ്റാഫിന് ഇതുവരെ കൂടിശ്ശിക കൊടുത്തിട്ടില്ല. ഇതിനിടയിൽ മാനേജുമെന്റ് 18-10-2000-ന് കത്തു മുഖേന, നാലഞ്ചു വർഷങ്ങളിലായി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നും വിദ്യുച്ഛക്തി ദൗർലഭ്യം നേരിടുന്നുവെന്നും അങ്ങനെ പല കാരണങ്ങളാൽ പല വിധത്തിലുള്ള തൊഴിൽ പ്രശ്നങ്ങൾ തോട്ടത്തിൽ നിലനിൽക്കുന്നതാണെന്നും ആയതിനാൽ തേയില ഉൽപ്പാദനം നടക്കുന്നില്ല എന്നും അങ്ങനെ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞില്ല എന്നും അറിയിക്കുകയുണ്ടായി. തോട്ടത്തിൽ പ്ലാന്റേഷൻ നിയമപ്രകാരം നിയമലംഘനം കണ്ടതിനാൽ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ പേരിൽ നെടുമങ്ങാട് ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഇപ്പോൾ 3 കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. മറ്റൊരു മാർഗ്ഗവും അത് പരിഹരിക്കാൻ വേണ്ടി കാണുന്നില്ല.

[1 PM]

(24) എറണാകുളം ജില്ലയിലെ ഹഡ്കോ കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തിയാക്കണമെന്ന ആവശ്യം

ഡോ. എം.എ. കുട്ടപ്പൻ : സർ, എറണാകുളം ജില്ലയിലെ എന്റെ നിയോജകമണ്ഡലമായ ഞാറയ്ക്കൽ, മട്ടാഞ്ചേരി, പള്ളുരുത്തി, കൊച്ചിൻ കോർപ്പറേഷൻ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻവേണ്ടി 1995-ൽ നിർമ്മാണ ജോലി ഉൽഘാടനം ചെയ്യപ്പെട്ട പദ്ധതിയാണ് ഹഡ്കോ കുടിവെള്ള പദ്ധതി. വൈപ്പിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയാം. കടലിനോട് തൊട്ടുരുമ്മിയ പ്രദേശമാണ്. പുറത്തുനിന്നും ലോറിയിലോ ബാർജിലോ വെള്ളം എത്തിക്കാതെ മറ്റു മാർഗ്ഗമില്ല. ചുറ്റുപാടും ഇഷ്ടംപോലെ വെള്ളമുണ്ടെങ്കിലും ഒരു തുള്ളി വെള്ളം പോലും കുടിക്കാൻ പറ്റില്ല. കാരണം ഉപ്പുവെള്ളമാണ്. അതുകൊണ്ട് അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ വർണ്ണനാതീതമാണ്. അതുകൊണ്ട് ഹഡ്കോ പദ്ധതി പൂർത്തീകരിക്കാതെ ഈ ദുരിതം മാറ്റാൻ കഴിയില്ല. ഞാൻ ജനപ്രതിനിധി എന്ന നിലയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടും ചില്ലറയല്ല. അതുകൊണ്ട് ഈ ഹഡ്കോ പദ്ധതി പൂർത്തീകരിക്കാതെ ഈ ദുരിതം മാറ്റാൻ കഴിയില്ല. അതുകൊണ്ട് ഈ ഹഡ്കോ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കണം. 1999 ഒക്ടോബർ മാസത്തിൽ ലാന്റ് അക്വിസിഷനുവേണ്ടി അങ്ങ് എറണാകുളത്ത് പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജ് നടപ്പാക്കാത്തതാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സമായി നിൽക്കുന്നത്. അതുകൊണ്ട് ഈ സ്പെഷ്യൽ പാക്കേജ് നടപ്പാക്കി ഭൂമി ഏറ്റെടുത്തുകൊണ്ട് ഹഡ്കോ പദ്ധതി എത്രയും നേരത്തെ പൂർത്തിയാക്കി കൊച്ചിൻ നിവാസികളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, എറണാകുളം ജില്ലയിലെ ഹഡ്കോ സഹായത്തോടുകൂടിയുള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളും നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗ

LIBRARY ARCHIVES Kerala Legislative Assembly